"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - നഴ്സിംഗ് വിദ്യാഭ്യാസം - മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന എം.ഇ.എസ്. കോളേജ് ഓഫ് നഴ്സിംഗിൽ ബി.എസ്.സി. നഴ്സിംഗ് സീറ്റുകളുടെ എണ്ണം 93 ആയി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.141/2026/H&FWD തീയതി,തിരുവനന്തപുരം, 22-06-2026

പരാമർശം:-
1. സ.ഉ.(പി.)നം.64/2012/ആ.കു.വ. തീയതി 17.02.2012
2. സ.ഉ.(കൈ.)നം.321/2025/ആ.കു.വ. തീയതി 19.09.2025
3. ബഹു.കേരളാ ഹൈക്കോടതിയുടെ WP(C) No. 40249/2025 കേസിൽ പുറപ്പെടുവിച്ച 07.11.2025-ലെ വിധിന്യായം.
4. സ.ഉ.(കൈ.)നം.427/2025/ആ.കു.വ. തീയതി 16.12.2025
5. എം.ഇ.എസ്. നഴ്സിംഗ് കോളേജിന്റെ ഡയറക്ടറുടെ 04.02.2026-ലെ MES/CON/B.Sc(N)/2026/014 നമ്പർ കത്ത്

ഉത്തരവ്

പെരിന്തൽമണ്ണ എം.ഇ.എസ്. നഴ്സിംഗ് കോളേജിലെ ബി.എസ്.സി. നഴ്സിംഗ് കോഴ്സിലെ സീറ്റുകൾ 70-ൽ നിന്ന് 100 ആയി വർധിപ്പിക്കുന്നതിനായി ഡയറക്ടർ സമർപ്പിച്ച അപേക്ഷയിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിലെ ശിപാർശയുടെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം എം.ഇ.എസ്. കോളേജ് ഓഫ് നഴ്സിംഗിലെ ബി.എസ്.സി. സീറ്റുകളുടെ എണ്ണം 80 ആയി വർധിപ്പിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ എം.ഇ.എസ്. കോളേജ് ഫയൽ ചെയ്ത W.P.(C) No.40249/2025 നമ്പർ കേസിലെ പരാമർശം (3) വിധിപ്രകാരം, പരാമർശം (2) ഉത്തരവ് ബഹു. ഹൈക്കോടതി റദ്ദു ചെയ്യുകയും പരിശോധകർ 100 സീറ്റുകൾ അനുവദിക്കാമെന്ന് ശുപാർശ ചെയ്ത സാഹചര്യത്തിൽ സർക്കാർ തീരുമാനം പുനഃപരിശോധിക്കണമെന്ന് നിർദേശിക്കുകയും ചെയ്തു.

(2) പരാമർശം (2) ഉത്തരവു പ്രകാരം, ബി.എസ്.സി. നഴ്സിംഗ് സീറ്റുകളുടെ എണ്ണം 75-ൽ നിന്ന് 80 ആയി വർധിപ്പിച്ചതോടെ ബി.എസ്.സി, ജി.എൻ.എം, പോസ്റ്റ് ബേസിക് ബി.എസ്.സി., എം.എസ്.സി. കോഴ്സുകളിലായി 170

സീറ്റുകൾ ക്ക് സർക്കാർ നിരാക്ഷേപപത്രം അനുവദിച്ചിട്ടുണ്ടെങ്കിലും നിലവിൽ കെ.എൻ.എം.സി.യും കെ.യു.എച്ച്.എസ്.-ഉം ചേർന്ന് 134 വിദ്യാർത്ഥികളെ പ്രവേശിപ്പിക്കാൻ മാത്രമാണ് സ്ഥാപനത്തിന് അനുമതി നൽകിയിരുന്നത്. ഈ സാഹചര്യത്തിൽ , കോടതി വിധി അനുപാലിച്ചു കൊണ്ട് പെരിന്തൽമണ്ണ എം.ഇ.എസ്. കോളേജ് ഓഫ് നഴ്സിംഗിലെ ബി.എസ്.സി. നഴ്സിംഗ് സീറ്റുകൾ 75-ൽ നിന്ന് 80 ആയി വർധിപ്പിച്ച് കൊണ്ടും 100 സീറ്റുകൾ ആയി വർധിപ്പിക്കണമെന്ന ആവശ്യം നിരസിച്ചു കൊണ്ടും പരാമർശം (4) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

(3) പരിശോധനാ സമയത്ത് 620 കിടക്കകളുള്ള ആശുപത്രിയിൽ 471 ഇൻപേഷ്യന്റ് രോഗികളുണ്ടായിരുന്നുവെന്നും സ്ഥാപനത്തിന് അധികമായി 23 സീറ്റുകൾ ലഭിക്കുന്നതിനുള്ള അർഹതയുണ്ടെന്നും ആയത് അനുവദിക്കണമെന്നും പരാമർശം (5) പ്രകാരം എം.ഇ.എസ്. നഴ്സിംഗ് കോളേജിന്റെ ഡയറക്ടർ അറിയിക്കുകയുണ്ടായി. തുടർന്ന് ടി ആവശ്യം പുനഃ പരിശോധിക്കുകയും പരിശോധനാ സമയത്ത് 471 രോഗികൾ ഉണ്ടായിരുന്നതിനാൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ (INC) മാർഗനിർദേശപ്രകാരം നിലവിലെ 134 സീറ്റുകൾക്കായി 1:3 വിദ്യാർത്ഥി-രോഗി അനുപാതം പാലിക്കുന്നതിനും അധികമായി 23 സീറ്റുകൾ അനുവദിക്കുന്നതിനും പെരിന്തൽമണ്ണ എം.ഇ.എസ്. കോളേജ് ഓഫ് നഴ്സിംഗിന് അർഹതയുണ്ടെന്ന് കണ്ടെത്തുകയുമുണ്ടായി.

(4) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണയിൽ പ്രവർത്തിക്കുന്ന എം.ഇ.എസ്. നേഴ്സിംഗ് കോളേജിലെ ബി.എസ്.സി. (നേഴ്സിംഗ്) സീറ്റുകളുടെ എണ്ണം 93 ആയി 2026-27 അധ്യയന വർഷം പ്രാബല്യത്തിൽ ഉയർത്തിക്കൊണ്ട് ചുവടെ ചേർക്കുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിക്കുന്നു.

i. സ്വകാര്യ സ്വാശ്രയ നേഴ്സിംഗ് കോളേജുകളിലെ 'അഡ്മിഷൻ മാനദണ്ഡങ്ങൾ', 'ഫീസ് ഘടന' എന്നിവ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ii. ബി.എസ്.സി. (നേഴ്സിംഗ്) സീറ്റുകൾ സർക്കാർ മെറിറ്റ്, മാനേജ്മെന്റ് എന്നിങ്ങനെ വിഭജിച്ചുകൊണ്ട് ഓരോ അധ്യയന വർഷവും സർക്കാർ പുറപ്പെടുവിക്കുന്ന 'സീറ്റ് മെട്രിക്സ്' അനുസരിച്ച് മാത്രമേ അഡ്മിഷൻ നടത്തുവാൻ പാടുള്ളൂ.

iii. ബി.എസ്.സി. നഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം എന്നിവ സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന നിബന്ധനകൾ സ്ഥാപനം നിർബന്ധമായും പാലിക്കാൻ ബാധ്യസ്ഥമാണ്.

iv. പരാമർശം (1) ഉത്തരവിൽ സൂചിപ്പിച്ചിട്ടുള്ള എല്ലാ നിബന്ധനകളും കൂടാതെ നേഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ കേരള സർക്കാർ / കേരള നഴ്സസ് & മിഡ് വൈവ്സ് കൗൺസിൽ / കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

V. പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് കേരള സംസ്ഥാന നേഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ അനുയോജ്യതാ പത്രം, **(Indian Nursing Council Suitability Certificate)** കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാലാ അഫിലിയേഷൻ എന്നിവ ക്രമത്തിൽ നേടേണ്ടതാണ്. ആയതിന് ശേഷം മാത്രമെ **2026-27** അധ്യയന വർഷം മുതൽ വിദ്യാർത്ഥി പ്രവേശനം നടത്തുവാൻ സാധിക്കുകയുള്ളു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മഞ്ജുള ജി
അണ്ടർ സെക്രട്ടറി

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, എം.ഇ.എസ്. കോളേജ് ഓഫ് നേഴ്സിംഗ്, പെരിന്തൽമണ്ണ, മലപ്പുറം
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, എൻ.ബി.സി.സി. സെൻറർ പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖല ഫേസ്-1, ന്യൂഡൽഹി-**110020.**
രജിസ്ട്രാർ, കേരള നേഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവ്വകലാശാല, തൃശൂർ.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ)കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
സ്റ്റോക്ക് ഫയൽ **(C3/345/2025-HEALTH).**

ഉത്തരവിൻ പ്രകാരം,

Rekha Johnson

സെക്ഷൻ ഓഫീസർ

പകർപ്പ് :ബഹു.ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.